**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡ്-19ന്റെ പശ്ചാലത്തലത്തിൽ നിലവിൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നുവരുന്നത്. KITE Victers ചാനൽ മുഖേനയാണ് പ്രധാനമായും ക്ലാസുകൾ നടക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൊബൈലിൽ റെയ്ഞ്ചില്ലാത്തതിനാൽ പഠനാവശ്യത്തിന് മൊബൈലുമായി കൂറ്റൻ മരത്തിൽ കയറിയ പന്നിയോട് ആദിവാസി കോളനിയിലെ വിദ്യാർത്ഥി മരത്തിൽ നിന്നും വീണു നട്ടെല്ലിന് പൊട്ടലേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കണ്ണൂർ ജില്ലയിൽ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് കോളനിയിലെ ഒരു വിദ്യാർത്ഥി മരത്തിൽ നിന്ന വീണ് പരിക്കേറ്റതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഠനാവശ്യത്തിനായി മൊബൈൽ കണക്ടിവിറ്റി ഇല്ലാത്തത് കാരണമാണോ ടി വിദ്യാർത്ഥിക്ക് അപകട സാഹചര്യം ഉണ്ടായതെന്ന് അന്വേഷിക്കേണ്ട വിഷയമാണ്. പ്രസ്തുത കോളനിയിൽ FTTH സംവിധാനം മുഖേന കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മൊബൈൽ നെറ്റ്വർക്ക് ലഭ്യമല്ലാത്ത ആയിരത്തോളം ആദിവാസി കോളനികളിലെ വിദ്യാർത്ഥികൾക്ക് അടക്കം ഓൺലൈൻ വിദ്യാഭാസം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്നത് വസ്തുതയല്ലേ; | (സി) | അല്ല. പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37716 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | KITE മുഖേന ലാപ്ടോപ്പ്/കമ്പ്യൂട്ടറുകൾ പഠനാവശ്യത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ് വിതരണം ചെയ്തുവരുന്നുണ്ട്. 23/06/2021ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഉത്തരവ്പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് തനത്/TSP ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഇനിയും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ സാധിക്കാത്ത കുട്ടികൾക്ക് യുദ്ധകാല അടിസ്ഥാനത്തിൽ അത് ലഭ്യമാക്കാൻ മുൻകൈ എടുക്കുമോ ? | (ഡി) | എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ലഭ്യമാക്കാൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ